# പതിനഞ്ചാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 ജൂലൈ 26, തിങ്കളാഴ്ച

**നമ്പർ 15**

രാവിലെ 9.00 -ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ ഏഴെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അനുമോദനം :

ടോക്കിയോ ഒളിമ്പിക്സിൽ ഭാരോദ്വഹനത്തിൽ വെള്ളി മെഡൽ നേടിയ സായ്കോം മീരാഭായ് ചാനുവിനെ അനുമോദിച്ചുകൊണ്ട് സ്പീക്കർ പരാമർശം നടത്തി.

അടിയന്തരപ്രമേയം :

കൊടകര കുഴൽപ്പണ കേസ്സിൽ ഉൾപ്പെട്ട പണം കേരളത്തിലെ പൊതു തെരഞ്ഞെടുപ്പ് അട്ടിമറിക്കുന്നതിന് വേണ്ടിയാണെന്ന് പോലീസ് അന്വേഷണത്തിൽ വ്യക്തമായിട്ടും പണത്തിന്റെ സ്രോതസ്സിനെക്കുറിച്ചുള്ള അന്വേഷണം കേന്ദ്ര ഏജൻസികളെ ഏൽപ്പിക്കാതെ കേസ്സന്വേഷണം അവസാനിപ്പിക്കാൻ ശ്രമിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതര സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. റോജി എം. ജോണും മറ്റ് നാല് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

(1) കർഷകർക്ക് പതിച്ചു നൽകിയ ഭൂമിയിൽ ഗൃഹനിർമ്മാണം ഒഴികെയുള്ള കാർഷികേതര പ്രവൃത്തികൾ വിലക്കിയത് ഒഴിവാക്കാനായി 1964-ലെ ഭൂപതിവ് ചട്ടം ഭേദഗതി ചെയ്യേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. എം. എം. മണി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സംസ്ഥാനത്തെ കോവിഡ് വാക്സിനേഷൻ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. സനീഷ്കുമാർ ജോസഫ് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു :

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ആശ്രിത നിയമനം | ബഹു. മുഖ്യമന്ത്രി |
| 2 | ശ്രീ. സി. ആർ. മഹേഷ് | കരുനാഗപ്പള്ളിയിൽ കോടതി സമുച്ചയ നിർമ്മാണം | ബഹു. മുഖ്യമന്ത്രി |
| 3 | ശ്രീ. എ. സി. മൊയ്തീൻ | കരിച്ചാൽകടവ് ചെക്ക് ഡാം കം ബ്രിഡ്ജ് നിർമ്മാണം | ബഹു. ജലവിഭവ വകുപ്പുമന്ത്രി |
| 4 | ശ്രീ. പി. നന്ദകുമാർ | തിരൂർ-പൊന്നാനി പുഴയുടെ ഭാഗങ്ങളിലെ എക്കൽമണ്ണ് നീക്കം ചെയ്യുന്നതിന് നടപടി | ബഹു. ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. എ. പ്രഭാകരൻ | കഞ്ചിക്കോടുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്ന നടപടി | ബഹു. നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി |
| 6 | ശ്രീ. തോമസ് കെ. തോമസ് | ചമ്പക്കുളംപാലത്തിന്റെ അപ്രോച്ച് റോഡ് പുനർനിർമ്മാണം | ബഹു. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 7 | ശ്രീമതി ശാന്തകുമാരി കെ. | ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് പ്രോട്ടോക്കോൾ | ബഹു. ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 8 | ശ്രീ. സി.എച്ച്. കുഞ്ഞമ്പു | ബേക്കൽ എയർ സ്ട്രിപ്പ് പ്രോജക്ട് | ബഹു. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | ശ്രീ. മഞ്ഞളാംകുഴി അലി | ഒരോടം പാലം-മാനത്ത്മംഗലം, ഒരോടം പാലം - വൈലോങ്ങര, മക്കരപ്പറമ്പ് എന്നീ ബൈപ്പാസുകളുടെ നിർമ്മാണം | ബഹു. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 10 | ശ്രീ. പി. എസ്. സുപാൽ | അർഹതപ്പെട്ടവർക്ക് മുൻഗണനാ റേഷൻകാർഡ് നൽകുന്നതിന് നടപടി | ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി |

അതാതു വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ടുകളുടെ സമർപ്പണം</u> :

I മുതൽ XII വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടേയും സബ്ജക്ട് കമ്മിറ്റി XIV-ന്റെയും 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും, 2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളും സഭയിൽ സമർപ്പിച്ചു.

<u>ധനകാര്യം</u> :

<u>2021-2022 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും</u>

പോലീസ് എന്ന XII - ാം നമ്പർ ധനാഭ്യർത്ഥനയുടേയും, ജയിലുകൾ എന്ന XIII- ാം നമ്പർ ധനാഭ്യർത്ഥനയുടേയും, സ്റ്റേഷനറിയും അച്ചടിയും മറ്റു ഭരണപരമായ സർവ്വീസുകളും എന്ന XIV- ാം നമ്പർ ധനാഭ്യർത്ഥനയുടേയും, വാർത്താവിതരണവും പ്രചരണവും എന്ന XXIII- ാം നമ്പർ ധനാഭ്യർത്ഥനയുടേയും നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 9 - ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുക അനുവദിക്കണമെന്ന പ്രമേയം മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവനകൾ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്തു വച്ചു.

XII - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 3, 4, 5, 7, 9, 10, 11, 12, 13, 15, 16, 17, 18, 19, 20, 23, 25, 26, 28, 29, 31, 32, 33, 34, 35, 36 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XIII - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 3, 4, 5, 8, 9, 10, 11, 12, 13, 15,

16, 17, 18, 19, 20, 21, 22, 24, 25, 26, 27, 28, 29, 30, 31, 33, 34, 36, 37 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XIV- ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 3, 4, 5, 6, 9, 11, 13, 14, 15, 16, 17, 18, 19, 20, 22, 23, 24, 25, 26, 27, 28, 29, 30, 31, 32, 33, 34, 35, 36 എന്നീ ഖണ്ഡനോപക്ഷേപങ്ങളും, XXIII - ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 3, 5, 6, 8, 9, 10, 11, 13, 14, 15, 18, 19, 20, 21, 23, 24, 25, 26, 27, 28, 29, 30, 31, 32, 33, 34, 36, 37 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി. ബാലചന്ദ്രൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീമതി. യു. പ്രതിഭ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ജോബ് മൈക്കിൾ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീമതി കെ. കെ. രമ

ശ്രീ. പി. ടി. എ. റഹീം

ശ്രീ. വി. ജോയി

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. തോമസ് കെ. തോമസ്

ശ്രീമതി സി. കെ. ആശ

ശ്രീ. എ. എൻ. ഷംസീർ

ശ്രീ. രമേശ് ചെന്നിത്തല.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകി. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥനകൾ XII, XIII, XIV, XXIII എന്നിവ വോട്ടിനിട്ട് പാസ്സാക്കി.

2021 ജൂലൈ 27-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 4.20-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

FIFTEENTH KERALA LEGISLATIVE ASSEMBLY

Second Session

# BULLETIN—PART I

(Brief Record of Proceedings)

Monday, July 26, 2021

**No. 15**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Seven Questions in the list of questions posted for the day were answered orally.

*Felicitation:*

The Speaker made a reference felicitating Smt. Saikhom Mirabai Chanu for winning Silver Medal in weightlifting in Tokyo Olympics.

*Adjournment Motion:*

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri Roji M. John and four other Members to the serious situation reported to have arisen consequent to the winding up of investigation in the Kodakara Black Money case without handing over it to Central Investigating Agencies even after it was found that the money involved in the case was for sabotaging the Kerala general elections.

(As a mark of protest against the attitude of the Government in the matter the Members belonging to the opposition staged a walkout.)

*Calling Attention :*

1. Shri M. M. Mani called the attention of the Minister for Revenue and Housing to the necessity to amend the Kerala Land Assignment Rules - 1964 to avoid the prohibition of non-agricultural activities other than housing on the land assigned to farmers. The Minister made a statement thereto.

2. Shri Saneeshkumar Joseph called the attention of the Minister for Health and Woman and Child development to the necessity to strengthen Covid vaccination Programme in the State. The Minister made a statement thereto.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | ആശ്രിത നിയമനം | ബഹു. മുഖ്യമന്ത്രി |
| 2 | ശ്രീ. സി. ആർ. മഹേഷ് | കരുനാഗപ്പള്ളിയിൽകോടതി സമുച്ചയ നിർമ്മാണം | ബഹു. മുഖ്യമന്ത്രി |
| 3 | ശ്രീ. എ. സി. മൊയ്തീൻ | കരിച്ചാൽകടവ് ചെക്ക് ഡാം കംബ്രിഡ്ജ് നിർമ്മാണം | ബഹു. ജലവിഭവ വകുപ്പുമന്ത്രി |
| 4 | ശ്രീ. പി. നന്ദകുമാർ | തിരൂർ-പൊന്നാനി പുഴയുടെ ഭാഗങ്ങളിലെ എക്കൽമണ്ണ് നീക്കം ചെയ്യുന്നതിന് നടപടി | ബഹു. ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. എ. പ്രഭാകരൻ | കഞ്ചിക്കോടുള്ള ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്ന നടപടി | ബഹു. നിയമവും വ്യവസായവും കയറും വകുപ്പുമന്ത്രി |
| 6 | ശ്രീ. തോമസ് കെ. തോമസ് | ചമ്പക്കുളം പാലത്തിന്റെ അപ്രോച്ച് റോഡ് പുനർനിർമ്മാണം | ബഹു. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 7 | ശ്രീമതി ശാന്തകുമാരി കെ. | ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക്പ്രോട്ടോക്കോൾ | ബഹു. ഉന്നത വിദ്യാഭ്യാസവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 8 | ശ്രീ. സി. എച്ച്. കുഞ്ഞമ്പു | ബേക്കൽ എയർ സ്ട്രിപ്പ് പ്രോജക്ട് | ബഹു. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 9 | ശ്രീ. മഞ്ഞളാംകുഴി അലി | ഒരോടം പാലം-മാനത്ത്മംഗലം, ഒരോടം പാലം - വൈലോങ്ങര, മക്കരപ്പറമ്പ് എന്നീ ബൈപ്പാസുകളുടെ നിർമ്മാണം | ബഹു. പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി |
| 10 | ശ്രീ. പി. എസ്. സുപാൽ | അർഹതപ്പെട്ടവർക്ക് മുൻഗണനാ റേഷൻകാർഡ് നൽകുന്നതിന് നടപടി | ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports :*

The Periodical Report from 1st April 2020 to 31st March 2021 and the Report on action taken on the Fifth report regarding the scrutiny of demands for grants for the financial year 2020-2021 of the Subject Committee – I to XII and Subject Committee XIV on the Scrutiny of demands for grants were presented.

*Financial Business :*

*Discussion and Voting on Demands for Grants in the Revised Budget for the financial year 2021-2022*

Shri Pinarayi Vijayan, Chief Minister moved Demand No. XII—Police, Demand No. XIII—Jails, Demand No. XIV—Stationery and Printing and Other Administrative Services and Demand No. XXIII—Information and Publicity for the amounts shown respectively against them under column No. 9 in the list of Demands for Grants.

Shri K. N. Balagopal, Minister for Finance laid on the table statements under Rule 236 (3) relating to these Demands.

The cut motion Nos. 1, 2, 3, 4, 5, 7, 9, 10, 11, 12, 13, 15, 16, 17, 18, 19, 20, 23, 25, 26, 28, 29, 31, 32, 33, 34, 35, 36 in the list of cut motions for Demand No. XII, cut motion Nos. 1, 2, 3, 4, 5, 8, 9, 10, 11, 12, 13, 15, 16, 17, 18, 19, 20, 21, 22, 24, 25, 26, 27, 28, 29, 30, 31, 33, 34, 36, 37 in the list of cut motions for Demand No. XIII, cut motion Nos. 1, 2, 3, 4, 5, 6, 9, 11, 13, 14, 15, 16, 17, 18, 19, 20, 22, 23, 24, 25, 26, 27, 28, 29, 30, 31, 32, 33, 34, 35, 36 in the list of cut motions for Demand No. XIV and cut motion Nos. 1, 2, 3, 5, 6, 8, 9, 10, 11, 13, 14, 15, 18, 19, 20, 21, 23, 24, 25, 26, 27, 28, 29, 30, 31, 32, 33, 34, 36, 37 in the list of cut motions for Demand No. XXIII were moved.

The following members took part in the discussion:

Shri Murali Perunelly

Shri Thiruvanchoor Radhakrishnan

Shri P. Balachandran

Shri N. Samsudheen

Smt. U. Prathibha

Shri Mons Joseph

Shri Job Maichil

Shri T. I. Madhusoodanan

Smt. K. K. Rema

Shri P. T. A. Rahim

Shri V. Joy

Shri N. A. Nellikkunnu

Shri Thomas K. Thomas

Smt. C. K. Asha

Shri A. N. Shamseer

Shri Ramesh Chennithala.

Shri Pinarayi Vijayan, the Chief Minister replied to the points raised during the discussion. The cut motions were declared lost. Then the Demand No. XII, XIII, XIV and XXIII were put to vote and passed.

The House adjourned at 4.20 p.m. to meet again at 9.00 a.m. on Tuesday, July 27, 2021.

S. V. UNNIKRISHNAN NAIR,
*Secretary.*